# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1306 01.07.2015 -ൽ മറുപടിക്ക്**

**കേന്ദ്ര സഹായത്തോടെ ബൈപ്പാസ് റോഡുകൾ നിർമ്മാണം**

**ചോദ്യം**

**ശ്രീ.അൻവർ സാദത്ത്**
**,, വർക്കല കഹാർ**
**,, കെ.ശിവദാസൻ നായർ**
**,, ലൂഡി ലൂയിസ്**

(എ) കേന്ദ്ര സഹായത്തോടെ ബൈപ്പാസ് റോഡുകൾ നിർമ്മിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) എന്തെല്ലാം കേന്ദ്ര സഹായങ്ങളാണ് ഇതിനായി പ്രതീക്ഷിക്കുന്നത് ; വ്യക്തമാക്കാമോ;

(സി) പണികൾ ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

**ഉത്തരം**

**ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്**
**(പൊതുമരാമത്ത് വകുപ്പുമന്ത്രി)**

(എ) & (ബി) & (സി) ഉണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

<u>തിരുവനന്തപുരം ബൈപ്പാസ്</u>

ദേശീയപാത 47 ൽ വരുന്ന കഴക്കൂട്ടം മുതൽ തമിഴ്നാട് അതിർത്തി വരെ 43 കി.മീറ്റർ ദൈർഘ്യം വരുന്ന തിരുവനന്തപുരം ബൈപ്പാസിന്റെ നിർമ്മാണം ദേശീയപാതാ വികസന അതോറിറ്റിയാണ് നടപ്പിലാക്കുന്നത്. സർവ്വീസ് റോഡുകളോട്ടു കൂടിയ 4 വരിപ്പാതയായി വികസിപ്പിക്കുന്ന ഈ ബൈപ്പാസിന്റെ കഴക്കൂട്ടം മുതൽ മുക്കോല വരെയുള്ള 26.5 കി.മീറ്റർ ഭാഗത്തിന്റെ പണിയ്ക്കുള്ള ടെൻഡർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്.

<u>കൊല്ലം ബൈപ്പാസ്</u>

ദേശീയപാത 47 ലെ കാവനാട് (കി.മീ 486/500) തുടങ്ങി മേവറം(കി.മീ 499/500) വരെയുള്ള 13 കി.മീറ്റർ വരുന്ന ബൈപ്പാസ് 2 വരിപ്പാതയിൽ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ തുല്യ (50:50) പങ്കാളിത്തത്തോടെയാണ്

നിർമ്മിക്കുന്നത്. ടെൻഡർ നടപടികൾ പൂർത്തിയായി, നിർമ്മാണം ആരംഭിച്ചിട്ടുണ്ട്.

<u>ആലപ്പുഴ ബൈപ്പാസ്</u>

ദേശീയപാത 47 ലെ കൊമ്മാടി (കി.മീ.408/100) മുതൽ കളർകോട് (കി.മീ.414/900) വരെയുള്ള 6.80 കി.മീറ്റർ വരുന്ന ബൈപ്പാസ് 2 വരിപ്പാതയിൽ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ തുല്യ (50:50) പങ്കാളിത്തത്തോടെയാണ് നിർമ്മിക്കുന്നത്. ടെൻഡർ നടപടികൾ പൂർത്തിയായി, നിർമ്മാണം ആരംഭിച്ചിട്ടുണ്ട്.

തൃപ്പൂണിത്തുറ, മൂവാറ്റുപുഴ, കോതമംഗലം എന്നീ ബൈപ്പാസുകളുടെ നിർമ്മാണത്തിന് ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനുള്ള വിശദമായ പദ്ധതി രേഖ(DPR) കേന്ദ്ര സർക്കാരിന്റെ അനുമതിയ്ക്കായി സമർപ്പിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ